(ഇ) പ്രസ്തുത തുക മുഴുവനും ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(എഫ്) പല ആയുർവേദ മരുന്നുകൾക്കും ജർമ്മനി പോലെയുള്ള യൂറോപ്യൻ രാജ്യങ്ങൾ പേറ്റന്റ് കൈവശപ്പെടുത്തുന്നത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെൽത്ത് വിഷൻ 2005, ആയുർവേദ സംസ്ഥാന പോളിസി എന്നിവയുടെ ചർച്ചാവേളയിലും ലോകായുർവേദ കോൺഗ്രസിന്റെ ചർച്ചാവേളയിലും നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിന് 118 ലക്ഷം രൂപയും തൃപ്പൂണിത്തുറ ആയുർവേദ കോളേജിന് 27 ലക്ഷം രൂപയും കണ്ണൂർ ആയുർവേദ കോളേജിന് 16.50 ലക്ഷം രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനും ട്രെയിനിംഗിനുമായി 62 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) കെട്ടിടം പണി പൂർത്തിയായതിനുശേഷം മാത്രമേ യന്ത്രോപകരണങ്ങൾ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അതിനാലാണ് ചെലവ് ചെയ്യാൻ താമസം നേരിട്ടത്.

(എഫ്) ഉണ്ട്.

(ജി) ആയുർവേദ, കായവേദ, ബയോവേദ, കാമ്യ ആയുർവേദ, സമദോഷ ആയുർവേദ, സൂര്യ ആയുർവേദ, ആയുർ വേദയോഗ തുടങ്ങിയ ഇന്ത്യൻ കൺസപ്റ്റുകൾക്ക് ജർമ്മനിയിൽ പാറ്റന്റ് ലഭിക്കുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയുന്നു. ഇപ്രകാരം പാറ്റന്റ് കൈവശപ്പെടുത്തുന്നത് തടയുവാൻ ഒരു പ്രത്യേക സെൽ രൂപീകരിച്ച് നടപടി എടുക്കുന്നതാണ്.

ആയുർവേദ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ നിയമനം

137 (854) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എങ്കിൽ അവ എന്ന് റിപ്പോർട്ട് ചെയ്തു ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതിനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞോ ; എത്രപേരുടെ ലിസ്റ്റാണ് നിലവിൽ ഉള്ളത് ;

(ഡി) എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകി എന്നറിയിക്കാമോ ;

(ഇ) അവശേഷിക്കുന്ന ഒഴിവുകൾ എന്ന് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ 211 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 167 ഒഴിവുകൾ 18-5-1999, 14-3-2000, 26-11-2001, 28-1-2003, 27-2-2003 എന്നീ തീയതികളിലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ശേഷിക്കുന്ന 44 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ആരോഗ്യ മേഖലയിൽ ലോകബാങ്കിന്റെ സഹായം

138 (859) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ ലോകബാങ്കിന്റെ സഹായമായി എന്തു തുക നാളിതുവരെ ലഭിച്ചിട്ടുണ്ട് ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ലോകബാങ്ക് കൂടാതെ മറ്റ് വിദേശ ഏജൻസികളിൽനിന്നും ആരോഗ്യ മേഖലയിലെ വിവിധ പദ്ധതികൾക്കായി എന്തു തുക ഇന്നേവരെ ലഭിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിൽ ലഭിച്ച തുക ഏതൊക്കെ മേഖലകളിലാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ ലോകബാങ്കിന്റെ സഹായമായി 21,29,86,800 രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) ലോകബാങ്ക് സഹായത്തിനു പുറമേ യൂറോപ്യൻ കമ്മിഷൻ സെക്ടർ ഇൻവെസ്റ്റ്മെന്റ് പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് 3.25 കോടി രൂപയും യു.എൻ.എഫ്.പി.എ.(യുണൈറ്റഡ് നേഷൻസ് ഫണ്ട് ഫോർ പോപ്പുലേഷൻ ആക്ടിവിറ്റി) ഐ.പി.ഡി. (ഇന്റഗ്രേറ്റഡ് പോപ്പുലേഷൻ ഡവലപ്മെന്റ്) പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും 5.43 കോടി രൂപയും നാഷണൽ വെക്രസി ഇറാഡിക്കേഷൻ പ്രോഗ്രാമിന് കേന്ദ്രസർക്കാർ വഴി 3 ലക്ഷം രൂപയും ബ്രിട്ടീഷ്

LIBRARY ARCHIVES Kerala Legislative Assembly